"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം - അണമുഖം - എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനം - എൽ.എ.സി. 393/2007 പ്രകാരം ഭൂമി ഏറ്റെടുത്തതുതമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരമുള്ള അവാർഡ് തുക '4217-60-800-93 (Plan)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.55/2025/LSGD തീയതി, തിരുവനന്തപുരം, 06-01-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 361/2009 നമ്പർ കേസിന്മേലുള്ള 19/09/2012-ലെ വിധിന്യായം.
2. സ.ഉ.(പി) നം.32/2019/ധന തീയതി 18/03/2019
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 12/08/2024 തീയതിയിലെ കെ16-649775/2023 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 30/09/2024 തീയതിയിലെ എസ്1/909/2021/ടിഡി നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം - അണമുഖം - എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി എൽ.എ.സി. 393/2007 പ്രകാരം വസ്തു ഏറ്റെടുത്തതിന് പൊന്നുംവില നിയമം സെക്ഷൻ 28(എ) പ്രകാരം ശ്രീമതി വസന്ത സമർപ്പിച്ച അപേക്ഷയിൽ ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ 13,06,047/- രൂപ (പതിമൂന്ന് ലക്ഷത്തി ആറായിരത്തി നാല്പത്തിയേഴ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം - അണമുഖം - എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി എൽ.എ.സി. 393/2007 പ്രകാരം തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ സർവ്വേ നം.1776 (എൽ.എ. റീ.സർവ്വേ

നം.193/10) ൽഉൾപ്പെട്ടതും ശ്രീമതി വസന്തയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 00.25 ആർ വസ്തു ഏറ്റെടുത്തതിന്, ബഹു. തിരുവനന്തപുരം സബ്കോടതിയുടെ പരാമർശം (1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊന്നുംവില നിയമം സെക്ഷൻ 28(എ) പ്രകാരം ശ്രീമതി വസന്ത സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ പരാമർശം (3) അവാർഡ് തുകയായ 13,06,047/- രൂപ (പതിമൂന്ന് ലക്ഷത്തി ആറായിരത്തി നാല്പത്തിയേഴ് രൂപ മാത്രം) '4217-60-800-93 (Plan)' എന്ന ശീർഷകത്തിൽ നിന്നും ശ്രീമതി വസന്തയ്ക്ക് (D/o കാർത്ത്യായനി, റ്റി.സി.79/2677, പറമ്പിൽ വീട്, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം) അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി വസന്ത, D/o കാർത്ത്യായനി, റ്റി.സി.79/2677, പറമ്പിൽ വീട്, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/419/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 06-01-2025 17:37:41
സെക്ഷൻ ഓഫീസർ